''ഞാൻ വറ്റിത്തുടങ്ങുമ്പോൾ
നീയെന്നിൽ പെയ്തു നിറയുന്നു
പിന്നെ, നമ്മളൊരു കടൽ...''

ഈ വരികളെഴുതി TB ഹൈക്കു കവിതമത്സരത്തിൽ ഒന്നാമതെത്തിയ ബാങ്കറെ തേടിയുള്ള അന്വേഷണം ചെന്നെത്തിയത് ബാൻസുരിയിൽ പഠനം തുടരുന്ന കലാകാരനിലും!

വിവിധതലങ്ങളിലൂടെ ടീബിയുമായി ചേർന്ന് ഏവർക്കും സുപരിചിതനായ താരത്തെ പരിചയപ്പെടുത്തുന്നു,

ഈയാഴ്ചയിൽ
ദളം 252.

ദിനേശ് അമ്പാടി
കേരള ഗ്രാമീൺ ബാങ്ക്
വടുവഞ്ചാൽ ബ്രാഞ്ച്
വയനാട് ജില്ല.

ടീബി ഒരുക്കിയ വിവിധ ഓൺലൈൻ പരിപാടികളിലൂടെ ദിനേശിന്റെ കഴിവുകൾ പ്രകടമായി വരുന്നു.

മൊബൈൽ ഫോട്ടോഗ്രഫിയിലെ സൂക്ഷ്മതയിലൂടെ കണ്ണോടിച്ചു വരുമ്പോൾ ഋജുരേഖകളിലൂടെ കടലിന്റെ ചിത്രം,
ഡിജിറ്റൽ പെയിന്റിംഗിന്റെ സാധ്യതയിൽ വിടരുന്ന വർണ്ണവിസ്മയങ്ങൾ,
പുല്ലാങ്കുഴലിൽ ചേർത്തുവച്ച മാസ്മരികഭാവങ്ങൾ ഒക്കെയും കണ്ട് KGBയിലെ ടീബീ ദളം ശരത് ആശ്രാമത്തിനെ വിളിച്ചു. അതിലൂടെ അടുത്തറിയുവാൻ കഴിഞ്ഞ ദിനേശിന്റെ ജീവിതപ്പാതയിലൂടെ ഒരു യാത്ര പോകാം-

രാമദാസ്- തങ്കമ്മു ദമ്പതികളുടെ മൂന്നുമക്കളിൽ രണ്ടാമനായി മലപ്പുറം ജില്ലയിലെ വളാഞ്ചേരിയിൽ ജനനം. പോസ്റ്റ്മാസ്റ്ററായി സേവനത്തിൽ നിന്നുവിരമിച്ചശേഷം നാട്ടിൽ പൊതുപ്രവർത്തനരംഗത്ത് സജീവമായിരുന്ന പിതാവ് 2014ൽ ഒരു വാഹനാപകടത്തിൽപെട്ട് മരണമടഞ്ഞു.

താൻ ബാങ്കറായി കേരളഗ്രാമീൺ ബാങ്കിലേക്കുള്ള പ്രവേശനം നേടിയ സമയത്തായിരുന്നു ഈ വിയോഗം! അമ്മയുടെ തണലിലായി ഞങ്ങളേവരും- ദിനേശ് തുടരുന്നു.

കൊടുമുടി AMLP സ്കൂൾ,
ഇരിമ്പിളിയം AMUP സ്കൂൾ, ഗവണ്മെന്റ് ഹൈസ്കൂൾ, VHSS സ്കൂൾ, വളാഞ്ചേരി

MESKVM കോളേജ് എന്നീ വിദ്യാലയങ്ങളിൽ പഠിച്ച് ഫിസിക്സിൽ ബിരുദധാരിയായി.

ബാല്യകാലത്തു തന്നെ അച്ഛൻ കൈപിടിച്ചുനടത്തിയത് പുസ്തകലോകത്തേക്കായിരുന്നു. കലാരംഗത്തും സജീവമായിരുന്ന പിതാവിന്റെ തെരുവുനാടകങ്ങൾ കണ്ടതിന്റെ ഓർമ്മകളും തന്റെ കലാസപര്യക്ക് തുണയായി. മൂന്നാം ക്ലാസ്സ് മുതൽ സംഗീത പഠനം തുടങ്ങി. അധികകാലം തുടരാൻ കഴിഞ്ഞില്ലയെങ്കിലും താളബോധങ്ങളുറവ വറ്റാതെ ഉള്ളിൽ നിറയാനതുതകി- ദിനേശ് തുടരുന്നു.

ഹൈസ്കൂൾ പഠനകാലത്ത് സാഹിത്യവിഷയങ്ങളിലായിരുന്നു താല്പര്യം. കവിത, കഥ രചന മത്സരങ്ങളിലൂടെ യുവജനോത്സവങ്ങളിൽ വിജയിയായി.

പ്ലസ്ടൂ കാലത്ത്, ഉള്ളിലുറങ്ങിയ താളബോധത്തിനുണർവു വന്നു. തിരൂരിലെ പ്രസിദ്ധരായ തബലവിദ്വാന്മാരായ ഈശ്വരൻ ഉണ്ണിമാസ്റ്റർ, ഉസ്താദ് യൂനസ് (ഷാ ഉസ്താദിന്റെ സഹോദരൻ) എന്നിവർ ഗുരുക്കളായി. ഈയവസരത്തിൽ പണ്ഡിറ്റ് ഹരിപ്രസാദ് ചൗരസ്യയുടെ ബാൻസുരി വാദനം കേട്ട് അതിലും ആകൃഷ്ടനായി. അത് ശാസ്ത്രീയമായി അഭ്യസിക്കണമെന്ന ആഗ്രഹം കലശലായി. ബാൻസുരിവാദകരാരെയും കണ്ടെത്താതെ നിരാശനായെങ്കിലും അതുള്ളിലൊതുങ്ങുകയായിരുന്നു.

കോളേജ് പഠനകാലത്ത് സി സോൺ കലോത്സവത്തിൽ മൂന്നുവർഷവും തബല, ട്രിപ്പിൾ ഡ്രം ഇനങ്ങളിൽ വിജയിയായി.
പ്രിൻസിപ്പൽ ഡോ.ഹുസൈൻ രണ്ടത്താണിയും സഹ അദ്ധ്യാപകരും തന്നിലെ കലാ-സാഹിത്യാഭിരുചിയെ പ്രോത്സാഹിപ്പിച്ചിരുന്നതും ദിനേശ് നന്ദിപൂർവ്വം രേഖപ്പെടുത്തുന്നു.
കോളേജ് മാഗസിൻ എഡിറ്ററുമായിരുന്നു.

ബിരുദപഠനശേഷം, അനിമേഷൻ കോഴ്സിനു ചേർന്നു. ഡിസൈനർ ആയി ജോലിനോക്കി. ഡിജിറ്റൽ കാർട്ടൂൺരീതികൾ കരഗതമാക്കി. നാട്ടിലെത്തി വെഡ്ഡിംഗ് ആൽബങ്ങളുടെ ഡിസൈനറായി ജോലിനോക്കി. അതിനോടൊപ്പം ഒരു സുരക്ഷിതജോലി നേടാനുള്ള ആഗ്രവവുമായി ബാങ്ക് കോച്ചിംഗിനും ചേർന്നു. വീക്കെന്റുകളിലെ ക്ലാസ്സുകളിലെ പഠനം തനിക്ക് ആഗ്രഹിച്ചതുപോലൊരു ജോലിനേടിത്തന്നു. അങ്ങിനെ കേരളഗ്രാമീൺ ബാങ്കിൽ ചേർന്നു 2014 ൽ ചങ്ങരംകുളം ബ്രാഞ്ചിലായിരുന്നു ആദ്യനിയമനം.
കവിയും വാഗ്മിയുമായ ശ്രീ ആലങ്കോട് ലീലാകൃഷ്ണൻ സീനിയർ സഹപ്രവർത്തകനായി അവിടെയുണ്ടായിരുന്ന അർത്ഥസമ്പുഷ്ടമായ നാളുകളെക്കുറിച്ച് ദിനേശിന് പങ്കുവയ്ക്കാനേറെയുണ്ട് വിശേഷങ്ങൾ.

കവിതയും സംഗീതവും സാഹിത്യചർച്ചകളും എല്ലാംനിറഞ്ഞു നിന്നിരുന്ന ചങ്ങരംകുളം തനിക്കേറെ പ്രചോദനം ലഭിച്ച മാതൃകയായി മാറി. സാധാരണനാട്ടിൻപുറ തമാശകൾ മുതൽ ഗഹനമായ വിഷയങ്ങൾ വരെ അദ്ദേഹം സംസാരിച്ചു, ഒരുമിച്ചുള്ള യാത്രകളിൽ പഴയകാലങ്ങളുടെ സുഗന്ധം പൊഴിക്കുന്ന കഥകളും പുതുകാല വസന്തങ്ങളും ഒക്കെ വിഷയങ്ങളായി. തലമുറകളുടെയും തസ്തികകളുടെയും വിടവില്ലാതെ ഉല്ലാസപൂർവം ഏവരും ഉൾക്കൊണ്ട ആ തൊഴിലിടം തുടിപ്പാർന്നു നിന്നിരുന്നു- ദിനേശിന്റെ വാക്കുകൾ ആദരവുകളാലാർദ്രമാവുന്നു.

ഇക്കാലത്ത് തന്റെ ബാൻസുരി മോഹങ്ങൾ വീണ്ടും തളിരണിഞ്ഞു. പണ്ഡിറ്റ് ഹരിപ്രസാദ് ചൗരസ്യാജിയുടെ ശിഷ്യനായ ശ്രീ ഹിമാൻശു നന്ദയുടെ കച്ചേരിയെപ്പറ്റി കേട്ടറിഞ്ഞ് അദ്ദേഹത്തെ ബന്ധപ്പെടുവാൻ കഴിഞ്ഞു. അങ്ങനെ, സംഗീതസദിരുകളുടെ വിണ്ണായ കോഴിക്കോട് അദ്ദേഹം കച്ചേരിക്കായി
എത്തിയപ്പോൾ നേരിൽ ശിഷ്യത്വം സ്വീകരിച്ചു. പൂനെയിൽ 'ചിന്മയ നാദബിന്ദു'വിൽ പോയി ഗുരുകുല സമ്പ്രദായത്തിൽ ബാൻസുരിയുടെ അടിസ്ഥാനപാഠങ്ങൾ പഠിച്ചു. അദ്ദേഹം നേതൃത്വം നല്കുന്ന വർക്ഷോപ്പുകളിൽ പങ്കെടുത്തുകൊണ്ടും ബാൻസുരി പഠിക്കാനുള്ള യത്നം തുടരുന്നു. ദിനേശ്,
ടീ ബിയുടെ പേജിൽ പങ്കുവെച്ച ബാൻസുരി വാദനം ചലച്ചിത്രഗാനങ്ങളുടെ ശീലുകളായിരുന്നു.

"ഒരു ക്ലാസ്സിക്കൽ വാദനം നടത്താനുള്ള പഠനം ആയിട്ടില്ലിനിയും. എത്രയോ യാത്രകളിനിയും ബാക്കി.
പരിശ്രമം തുടരുന്നു" - വാക്കുകളിൽ ശുഭാപ്തിവിശ്വാസം നിറയുന്നു.

ഈ ലേഖനത്തിന്റെ രചനാവേളയിൽ
ശ്രീ ആലങ്കോട് ലീലാകൃഷ്ണനു (നമ്മുടെ സ്വന്തം ടീബി ദളം 100) മായി ബന്ധപ്പെടുവാൻ കഴിഞ്ഞു.
വിവിധ സാഹിത്യ- സാംസ്കാരികപരിപാടികളുടെ തിരക്കുകൾക്കിടയിലും അദ്ദേഹത്തിൽ നിന്ന് സുദീർഘമായ ഒരു അനുമോദനക്കുറിപ്പ് ലഭിക്കുകയും ചെയ്തു.
അതിലെ ശ്രദ്ധേയമായ ഒരു ഭാഗം മാത്രം സസന്തോഷം ഇതോടൊപ്പം ചേർക്കുന്നു.

"......തീർച്ചയായും ദിനേശിന്ന് ബാംസുരി വാദനത്തിൽ വളരെ മിടുക്കനായ ഒരു കലാകാരനായി വളർന്നിരിക്കുന്നു. ബാങ്കിലായതുകൊണ്ട് വേണ്ടത്ര എക്സ്പോഷർ കിട്ടുന്നില്ല എന്ന് വേണമെങ്കിൽ പറയാം. പെഴ്സണാലിറ്റി ബിഹൈൻഡ് ദി കൗണ്ടർ എന്ന് നമ്മൾ വിലയിരുത്തുമ്പോൾ ഒരു അസാധാരണ കൾച്ചറൽ പെഴ്സണാലിറ്റി ആയിട്ട് നമുക്ക് ദിനേശ് അമ്പാടിയെ കാണാം.

എന്റെ സുഹൃത്തിനു ഹൃദയപൂർണ്ണമായ അഭിവാദനങ്ങൾ"
(സുദീർഘമായ അനുമോദനക്കുറിപ്പിന്റെ പൂർണ്ണരൂപം പ്രത്യേകം പോസ്റ്റ് ചെയ്യു ന്നതാണ്)

വയനാട് ജില്ലയിലെ വടുവഞ്ചാൽ ബ്രാഞ്ചിൽ അസിസ്റ്റന്റ് മാനേജരായി സേവനം തുടരുകയാണ് ദിനേശിപ്പോൾ.

ടീ. ബിയുടെ സംരംഭമായി അടുത്ത കാലത്തു നടത്തിയ ഹൈക്കു (മൂവരി കവിത) മത്സരത്തിൽ വന്നു ചേർന്ന അനേകം എൻട്രികളിൽ നിന്ന് ദിനേശിന്റെ വരികൾ ഏറ്റവും മികച്ചതായി തിരഞ്ഞെടുക്കപ്പെട്ടു.

ഡിജിറ്റൽ ചിത്രനിർമ്മിതിയിലെ നൈപുണ്യവും ശ്രദ്ധേയമാണ്.

വർണ്ണവൈജാത്യങ്ങളിൽ വിടരുന്ന പ്രകൃതിയുടെ
ഡിജിറ്റൽ ചിത്രങ്ങൾ കൊണ്ട് ടീ. ബിയുടെ പേജിനെ സമ്പന്നമാക്കുന്നു, ദിനേശ്. മൊബൈൽ ഫോട്ടോഗ്രഫിയിലൂടെയും ടീ.ബിയിൽ മികച്ച ചിത്രങ്ങൾ നല്കുന്നു.

ദിനേശിന്റെ ജീവിതസഖി ജിജി,
കമ്പ്യൂട്ടർ സയൻസിൽ ബിരുദാനന്തരബിരുദധാരിയാണ്. ജിജിയും ഒന്നാം ക്ലാസ്സിൽ പഠിക്കുന്ന അഹാനും എൽ കേ ജീയിൽ ചേർന്ന ആരോഹിയും ചേർന്നീണമിടുന്ന കുടുംബവും സംഗീതസാന്ദ്രമാണ്.

ബാൻസുരിയിൽ ക്ലാസ്സിക്കൽ രാഗമാലികയൊരുക്കുവാനുള്ള
ദിനേശിന്റെ ആഗ്രഹം സഫലമാകട്ടെ.

ആശംസകളോടെ

ടാലന്റഡ് ബാങ്കേഴ്സ്.

------------------------------------------------------------------------------------------------
തയ്യാറാക്കിയത് : ബീ.കെ.രമേശ് കുമാരൻ നായർ, റിട്ട. ചീഫ് മാനേജർ, എസ്.ബി.ടി

English version: Arya Gayathry , State Bank of India, RBO Pathanamthitta

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RASMEC, പത്തനംതിട്ട

--------------------------------------------------------------------------------------------------

"As I start withering, you rain into me filling me. Then, we are an ocean..."
The search for the one who won the first prize in the TB Haiku poetry competition writing this

landed us before an artist who still learned playing bansuri.

We present before you the 252nd Talented Banker:

Dinesh Ambadi
Kerala Gramin Bank
Vaduvanchal branch
Wayanad

We know Dinesh through his participation in various online TB events. Seeing his photography, digital paintings of waves and leaves, and listening to his bansuri, Talented Banker Sarath Asramam of KGB was contacted to get details.

He was born in Valancheri, Malappuram as the second of three kids of Shri. Ramadas and Smt. Thankammu. His father was a retired postmaster active in social service, and died in an accident in 2014. It was around the time Dinesh joined the bank. His mother was his sole pillar of support since then.

He did his schooling from Kodumudi AMLP School, Irimbilium AMUP School, Government High School, VHSS School, and took his graduation in Physics from Valancheri MESKVM College.

His father took him to the world of books at a very young age. Watching his father's street dramas also helped mould his artistic talents. He started his music lessons while at 3rd grade. Though he could not continue attending the classes for long, it instilled deep knowledge of music in him.

He was into literary events while at school and won prizes at Youth festivals writing stories and poetry. His interest in music grew when he reached his 12th grade, and started learning tabla under tabla vidwans Easwaran Unni master and Ustad Yunus (brothers of Sha Ustad). Though he happened to hear Pandit Hariprasad Chaurasia's bansuri playing at that time and craved to learn it, he didn't find a guru.

He won first prizes for tabla and triple drum at College level C Zone youth festivals during all three years of college life. The then college Principal Dr. Hussain Randathani and other teachers encouraged his literary talent as well. He was the college magazine editor too.

After graduation he joined animation course and worked as a designer, learning digital cartoon designing. He reached home and started wedding album designing. To earn a secure job, he joined bank coaching for weekend classes. Thus he joined Kerala Grameen Bank in its Changaramkulam branch in 2014. The senior colleague who was a poet and an orator, Shri. Alamcode Leelakrishnan had a great influence on Dinesh through the poems, music and literary discussions they had.

During this time he heard of the bansuri concert of Pandit Hariprasad Chaurasia's student Shri. Himanshu Nanda at Kozhikode, and contacted him - thus becoming his student. He went to 'Chinmaya Nadabindu' at Pune and learned basics of bansuri playing in gurukula method. He is

continuing his studies by attending various workshops held by his guru.

He says, "I have not gained the expertise to play classical songs in bansuri yet. Miles to go in this journey...

We could contact Shri. Alamcode Leelakrishnan. Here are his words, " Dinesh is definitely a great bansuri artist. We may say he lacks the much needed exposure as he is a banker. He is an extraordinary personality who knows exactly how to treat his customers. I wish him all the very best."

Dinesh is presently posted as Assistant Manager at Vaduvanchal branch in Wayanad. His entry in Haiku (3 - line poetry) was selected out of a huge number of entries. His digital paintings display the colours of nature.. we may say the same regarding his mobile photography as well.

Dinesh's wife Jiji is a post graduate in computer science. Their kids are Ahaan, a first grader, and Aarohi, an LKG student.

We wish he would soon become the expert in bansuri as his heart yearns... all the best to him and his family during this Christmas season of great joy and hope.